അഡ്വ. ഒ. ഹാരിസ് കായംകുളം

# വൃദ്ധർക്കും നിയമസംരക്ഷണം

**ഈയിടെ** ഇന്ത്യൻ പാർലമെന്റ് അംഗീകാരം നൽകിയ ശ്രദ്ധേയമായ നിയമമാണ് 'ദി മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ബിൽ 2007.' ജീവിക്കാൻ സ്വന്തമായി വരുമാനമില്ലാത്ത മാതാപിതാക്കൾക്കും വൃദ്ധന്മാർക്കും മക്കളിൽനിന്നോ ബന്ധുക്കളിൽനിന്നോ ജീവനാംശം ലഭ്യമാകുന്നതിനുള്ള നിയമമാണിത്. കുടുംബത്തിലെ വൃദ്ധന്മാരെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്തുവന്ന കൂട്ടുകുടുംബ വ്യവസ്ഥ ഇല്ലാതായതോടെ, നോക്കാനാളില്ലാതെ കഷ്ടപ്പെടുന്ന വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരാനാണ് കേന്ദ്ര സാമൂഹികക്ഷേമവകുപ്പ് പുതിയ നിയമത്തിന് രൂപംകൊടുത്തത്. പുതിയ ലോകക്രമത്തിന് പിറകെപായുന്ന യുവാക്കളുടെ ഇന്ത്യയിൽ പ്രായമായവർക്ക് അർഹമായ പരിഗണനയും പരിചരണവും ലഭിക്കുന്നില്ലെന്നത് ഒരു വസ്തുതയാണ്. നിലവിലുള്ള നിയമങ്ങളിൽ വൃദ്ധജനങ്ങൾക്ക് വേണ്ടപ്പെട്ടവരിൽനിന്ന് ജീവനാംശം ലഭിക്കാൻ അർഹതയുണ്ടെങ്കിലും, അത് നടപ്പാക്കുമ്പോൾ കാലതാമസവും ഏറെ സാമ്പത്തിക ചെലവും ഉണ്ടാകുന്നതിനാലാണ് കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായ പുതിയ നിയമത്തിന് രൂപം കൊടുത്തത്.

ആഗോളീകൃത സമൂഹത്തിൽ എല്ലാം കച്ചവടമായതോടെ വൃദ്ധസംരക്ഷണവും ചെലവേറിയ വ്യവസായമാകുകയാണെന്ന തിരിച്ചറിവും ഇതിന്റെ പിന്നിലുണ്ട്. വിവിധ സാമൂഹിക ക്ഷേമ പദ്ധതികളിൽ വൃദ്ധസംരക്ഷണം ഉറപ്പാക്കിയെങ്കിലും അവയെല്ലാം സർക്കാറുകളുടെ കാരുണ്യത്തെ ആശ്രയിച്ചേ മുന്നോട്ടുപോകൂ. എന്നാൽ, സേവന മേഖലകളിൽനിന്ന് സർക്കാറുകൾ പിൻവലിയുന്നതോടെ പ്രായംചെന്നവരെ സംരക്ഷിക്കാൻ സംവിധാനങ്ങളില്ലാത്ത അവസ്ഥ സംജാതമാകാതിരിക്കുന്നതിനു വേണ്ടിയാണ് സ്വന്തം മക്കളിൽനിന്നോ വേണ്ടപ്പെട്ടവരിൽനിന്നോ ജീവനാംശം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള പുതിയ നിയമനിർമാണം.

നിർദിഷ്ട നിയമമനുസരിച്ച് മക്കളിൽനിന്നോ, മക്കൾ ജീവിച്ചിരിപ്പില്ലാത്തവർക്ക് മക്കളുടെ മക്കളിൽ(ചെറുമക്കൾ) നിന്നോ ജീവനാംശത്തിനായി ട്രൈബ്യൂണൽ മുമ്പാകെ ഹരജി ഫയൽ ചെയ്യാം. അറുപത് വയസ്സിലേറെയുള്ള വൃദ്ധർക്ക് തീരെ മക്കളില്ലെങ്കിലും അവരുടെ സ്വത്തിന് മരണാനന്തരം നിയമ (Legal heir)പരമായി അവകാശമുള്ള ബന്ധുക്കളിൽനിന്ന് ജീവനാംശം അവകാശപ്പെടാം. മക്കളിൽനിന്ന് ജീവനാംശം കിട്ടാൻ ഹരജി നൽകാമെന്ന വ്യവസ്ഥ ചെയ്ത ബില്ലിൽ മക്കൾ എന്ന വിവക്ഷയിൽ മകൻ, മകൾ, പേരമകൻ, പേരമകൾ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മാതാപിതാക്കൾ എന്നതിന്റെ നിർവചനത്തിൽ നേരിട്ടുള്ള മാതാപിതാക്കൾ മാത്രമല്ല, ദത്തെടുത്ത മക്കളുടെ മാതാപിതാക്കളെയും ചിറ്റമ്മ (രണ്ടാനമ്മ), അമ്മയെ പിന്നീട് വിവാഹം ചെയ്ത ചിറ്റപ്പൻ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ജീവനാംശം കൊണ്ടുദ്ദേശിക്കുന്നത് ഭക്ഷണം, വസ്ത്രം, താമസസൗകര്യം, ചികിത്സ എന്നിവക്കുള്ള സാമ്പത്തിക ചെലവാണ്. പരമാവധി ജീവനാംശ തുക എത്രയെന്ന് സംസ്ഥാന ഗവൺമെന്റാണ് നിശ്ചയിക്കുന്നത്. എങ്കിലും ഇത് പ്രതിമാസം പതിനായിരം രൂപയിൽ കൂടാൻ പാടില്ലെന്ന് ബില്ലിൽ വ്യവസ്ഥയുണ്ട്.

പ്രായമായവരുടെ പരാതികളിൽ തീർപ്പു കൽപിക്കുന്നതിന് സംസ്ഥാന സർക്കാറിന്റെ ചുമതലയിൽ ഓരോ സബ്ഡിവിഷൻ പരിധിയിൽ ഒന്നോ അതിലധികമോ ട്രൈബ്യൂണലുകൾ രൂപീകരിക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. സാമൂഹികക്ഷേമ ഓഫീസറായിരിക്കും ട്രൈബ്യൂണൽ അധ്യക്ഷൻ. വക്കീലന്മാരെ വെച്ചുള്ള വാദം പാടില്ല. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ ജില്ലാതലത്തിൽ കുറഞ്ഞത് നൂറ്റി അമ്പത് പേർക്കെങ്കിലും സൗകര്യമുള്ള വൃദ്ധസദനങ്ങൾ അതതു സംസ്ഥാന സർക്കാറുകളുടെ മേൽനോട്ടത്തിൽ രൂപീകരിക്കണം.

വൃദ്ധസദനങ്ങളിൽ ഇടംലഭിക്കാത്ത നിർധനരായ പൗരന്മാർക്ക് 1000 രൂപ പെൻഷൻ നൽകാനും ധനകാര്യ സ്ഥാപനങ്ങൾ മുഖേന പലിശരഹിത വായ്പ നൽകാനും വ്യവസ്ഥയുണ്ട്. വൃദ്ധസദനങ്ങളിൽ മാനസികോല്ലാസത്തിനുള്ള സംവിധാനങ്ങളും ആരോഗ്യപരിപാലന ക്ലാസ്സുകളും പദ്ധതിയിലുണ്ട്. സർക്കാർ ആശുപത്രികളിൽ മുതിർന്ന പൗരന്മാർക്കു വേണ്ടി പ്രത്യേക കിടക്കകൾ, ക്യൂ, പ്രത്യേക ചികിത്സാ ഗവേഷണ സൗകര്യം എന്നിവ ലഭ്യമാക്കണം. മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ വിപുലമായ കർമപദ്ധതികൾ സംസ്ഥാന സർക്കാറുകൾ തയാറാക്കണമെന്നും ബില്ലിൽ നിർദേശിക്കുന്നു.

പരിരക്ഷ ഉറപ്പാക്കുന്നതിന് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റിന്റെ അധികാരം ട്രൈബ്യൂണലിന് ഉണ്ടായിരിക്കും. പരാതിയിന്മേൽ തൊണ്ണൂറു ദിവസത്തിനകം തീർപ്പുണ്ടാവണം. ഇതുമായി എതിർകക്ഷി സഹകരിക്കുന്നില്ലെങ്കിൽ സമൻസ്, വാറന്റ്, ഒരു മാസത്തടവ് തുടങ്ങിയ നടപടികൾ ഉണ്ടാകും. ട്രൈബ്യൂണലിന് ഏകപക്ഷീയമായ വിധി പുറപ്പെടുവിക്കാം. ജീവിതച്ചെലവ് അനുസരിച്ചേ ജീവനാംശത്തുക നിശ്ചയിക്കൂ. ഏതിർകക്ഷി ഒരു മാസത്തിനകം വിധിത്തുക അടക്കണം. പ്രായമായവരുടെ സംരക്ഷണച്ചുമതല ഒന്നിലധികം പേർക്ക് ഉണ്ടെങ്കിൽ സ്വത്ത് കൈമാറി കിട്ടിയതിന്റെ അനുപാതത്തിൽ ജീവനാംശം പങ്കിട്ടുനൽകണം.

തന്റെ പ്രദേശത്തെ മുതിർന്ന പൗരന്മാരെ സംബന്ധിച്ച വിവരങ്ങൾ പോലീസ് ഇൻസ്പെക്ടർ സൂക്ഷിക്കേണ്ടതും പരാതി വരുമ്പോൾ തന്നെ താമസംവിനാ അന്വേഷണം നടത്തേണ്ടതുമാണ്. വളർത്തി വലുതാക്കിയവരെ വയസ്സുകാലത്ത് കൈയൊഴിയുന്നവർക്കെതിരെ മൂന്ന് മാസം ജയിൽശിക്ഷയോ 5,000 രൂപ പിഴയോ രണ്ടും കൂടിയോ നൽകാൻ മജിസ്ട്രേറ്റ് കോടതികൾക്ക് അധികാരമുണ്ടായിരിക്കും. പ്രവാസി ഇന്ത്യക്കാർക്കും ഈ നിയമം ബാധകമായിരിക്കും. കൈമാറിക്കൊടുത്ത സ്വത്ത് തിരിച്ചെടുക്കാനും മുതിർന്ന പൗരന്മാർക്ക് അവകാശം ലഭിക്കും.

ഇന്ത്യയിൽ പ്രായമായവരിൽ എൺപത് ശതമാനവും ഗ്രാമങ്ങളിൽ കഴിയുന്നവരാണ്. അതിലേറെ പേരും സ്ത്രീകളാണെന്നത് ഈ നിയമം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. മാത്രമല്ല, വൃദ്ധരിൽ ഏറെ പേരും ദാരിദ്ര്യരേഖക്ക് താഴെയാണെന്നത് മറ്റൊരു ഘടകമാണ്. ഈ നിയമം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പരിപാടികൾ കൂടി സർക്കാർ ആവിഷ്കരിക്കേണ്ടതുണ്ട്. ■